**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2092** **01-09-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ കെട്ടിടത്തിൽ മതിയായ മുറി സൗകര്യം ഒരുക്കുന്നതിന് മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിട നിർമ്മാണത്തിന്റെ 58% പൂർത്തിയായിട്ടുണ്ട്. ആശുപത്രി സൂപ്രണ്ട് തലത്തിലും മറ്റ് ഉയർന്ന തലങ്ങളിലും നടന്ന ചർച്ചകളുടെ അടിസ്ഥാനത്തി ലാണ് കിഫ്ബി അധികാരികൾ പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചത്. ടി പ്ലാനിൽ പ്രത്യേക മുറികളുടെ സൗകര്യം ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ ഒന്നും ലഭിച്ചിട്ടില്ല. മാത്രവുമല്ല 58% പണി പൂർത്തിയായതിനാൽ പ്ലാനിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. |
| (ബി) | നിലവിലെ സാഹചര്യത്തിൽ താലൂക്ക് തലത്തിലെ പ്രധാന ആശുപത്രികളിൽ മുറി സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | താലൂക്ക് തലത്തിലെ പ്രധാന ആശുപത്രി കളിൽ കെട്ടിട നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതിനു മുൻപ് താലൂക്കാശുപത്രിയുടെ സ്റ്റാന്റേർഡൈസേഷൻ പ്രകാരം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മുറി സൗകര്യം ഏർപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ